# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.361 — 12.05.2017 ന് മറുപടിയ്ക്ക്.

## ഇക്കോ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | അഡ്വ: കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇക്കോട്ടൂറിസം എവിടെയെല്ലാം നടപ്പിലാക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇത്തരം സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് 29 വനം ഡിവിഷനുകളുടെ കീഴിലായി 60 കേന്ദ്രങ്ങളിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. വനമേഖലയിൽ പ്രകൃതിരമണീയ സ്ഥലങ്ങളായ പുഴകൾ, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ തുടങ്ങി സന്ദർശകർ പരമ്പരാഗതമായി എത്തുന്ന സ്ഥലങ്ങളിലാണ് ഇക്കോട്ടൂറിസം നടത്തി വരുന്നത്. അനിയന്ത്രിതമായ സന്ദർശനം വനം പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കുന്നത് പരമാവധി കുറയ്ക്കുക എന്നതാണ് ഇക്കോട്ടൂറിസത്തിന്റെ പ്രഥമ ലക്ഷ്യം. തദ്ദേശവാസികളായ വനാശ്രിതരുടെ പങ്കാളിത്തം ഉറപ്പാക്കി ഓരോ ദേശത്തിന്റെയും ഭൂപ്രകൃതിയുടെ തനിമയ്ക്കും, സാംസ്കാരിക പാരമ്പര്യത്തിനും അനുയോജ്യമായി പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്ത വിധം പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ട് ഇക്കോട്ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണ രേഖകളുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പാക്കുന്നത്. |
| (ബി) ഇക്കോട്ടൂറിസം പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇക്കോ ടൂറിസം നടപ്പിലാക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളുണ്ടെന്നും അറിയിക്കുമോ; | (ബി) അമൂല്യങ്ങളായ വനങ്ങളുടെ അപൂർവ്വതകൾ ജനങ്ങൾ അടുത്തറിയുക വഴി, വനങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് അവരിൽ അവബോധം സൃഷ്ടിക്കുക, വനാശ്രിത ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ഇക്കോട്ടൂറിസം പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇക്കോട്ടൂറിസം നടപ്പാക്കുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ താഴെപ്പറയുന്നു.<br>1. സന്ദർശകർ വനത്തിൽ ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ നീക്കി അതുവഴി |

വനപരിസ്ഥിതിയുടെ തനിമ നിലനിർത്തുന്നു.

2. വനാശ്രിത സമൂഹം ഏറ്റെടുക്കുന്ന മേൽ ഉത്തരവാദിത്തം നിറവേറ്റുവാനുള്ള സാമ്പത്തികം സന്ദർശകരിൽ നിന്നും പ്രവേശന ഫീസായി ഈടാക്കുന്നതു മൂലം സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നു.
3. ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്ക് പരിസ്ഥിതി വിദ്യാഭ്യാസം നൽകുന്നു.
4. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് വനാശ്രിത സമൂഹത്തിന് തൊഴിലും വരുമാനവും ഉണ്ടാകുന്നു.
5. വനം മേഖല സന്ദർശിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നു.
6. ഇക്കോടൂറിസം കേന്ദ്രത്തിന്റേയും സമീപ വന മേഖലയുടേയും സംരക്ഷണം ഉറപ്പ് വരുത്തുന്നു.
7. വനാശ്രിത സമൂഹം തയ്യാറാക്കുന്ന വന വിഭവങ്ങൾ ഇക്കോടൂറിസം കേന്ദ്രങ്ങളിലെ ഇക്കോ ഷോപ്പുകൾ വഴി വിറ്റഴിക്കുന്നു.

| | |
|---|---|
| (സി) ഇക്കോടൂറിസം നടപ്പിലാക്കുന്നതിനായി ടൂറിസം വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നുണ്ടോ; എങ്കിൽ ഈ തുക സന്ദർശകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) ഇക്കോടൂറിസം നടപ്പിലാക്കുന്നതിനായി വനം വകുപ്പിന്റെ പദ്ധതി വിഹിതത്തോടൊപ്പം ടൂറിസം വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നുണ്ട്. 38 പ്രദേശങ്ങളിൽ ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്. ഇക്കോടൂറിസം പ്രദേശങ്ങൾ സന്ദർശിക്കാനെത്തുന്നവർക്കാവശ്യമുള്ള ടോയ്‌ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക, ലഘുഭക്ഷണ ശാലകൾ സ്ഥാപിക്കുക, സന്ദർശക സുരക്ഷക്കായുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുക, പ്രകൃതി പഠനങ്ങൾക്കായുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക, താമസത്തിനായി ഡോർമിറ്ററികൾ സ്ഥാപിക്കുക, ജലയാത്രക്കായി ബോട്ടുകളും, റാഫ്റ്റുകളും വാങ്ങുക, വനദർശനത്തിന് ഉപകരിക്കുന്ന ട്രക്ക് പാത്തുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾക്ക് നിലവിലെ നിയമങ്ങൾക്കു വിധേയമായി ഈ ഫണ്ട് വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ